**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2369** **30-09-2025 - ൽ മറുപടിയ്ക്ക്**

**ലഹരി/മയക്കുമരുന്ന് വ്യാപനം കുറയ്ക്കുന്നതിന് ശാസ്ത്രീയമായ ബോധവത്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലഹരി/മയക്കുമരുന്ന് ഉപയോഗം വർധിക്കുന്നതിന്റെ കാരണം കണ്ടെത്തുന്നതിന് ശാസ്ത്രീയ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | കൗമാരപ്രായക്കാർക്കിടയിലെ ലഹരി ഉപയോഗവും, പൊതു സമൂഹത്തിൽ ലഹരി ഉപയോഗം വർദ്ധിക്കുന്നതിനുള്ള കാരണങ്ങളും അവ ചെറുക്കുന്നതിനുള്ള പ്രതിവിധികളും കണ്ടെത്തുന്നതിനുമായി വിമുക്തിയുടെ ജില്ലാതല ഡീ-അഡിക്ഷൻ സെന്ററുകളിലും കൗൺസലിംഗ് സെന്ററുകളിലും ചികിത്സക്ക് എത്തിയതും, എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത മയക്കുമരുന്ന് കേസുകളിൽ ഉൾപ്പെട്ടവരുമായ , 21 വയസ്സിൽ താഴെ പ്രായമുള്ളവരിൽ ഒരു സർവ്വേ നടത്തിയിട്ടുണ്ട്.<br><br>"Public Opinion Survey on Substance Abuse" എന്ന പേരിൽ എക്സൈസ് വകുപ്പ്, വിമുക്തി മിഷന്റെ നേതൃത്വത്തിൽ ഒരു പൊതുജനാഭിപ്രായ സർവ്വേ നടത്തിയിട്ടുണ്ട്. 26 വ്യത്യസ്ത വിഭാഗങ്ങളിലെ 62,693 വ്യക്തികളിൽ നിന്നും വിവരം (DATA) ശേഖരിക്കുകയും ടി വിവരങ്ങൾ വിഷയവിദഗ്ധരുടെ ഒരു ടീം രൂപീകരിച്ച്, സമഗ്രമായ വിശകലനത്തിനും ചർച്ചയ്ക്കും വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ലഹരി/മയക്കുമരുന്ന് വ്യാപനം കുറക്കുന്നതിനായി ശാസ്ത്രീയമായ ബോധവത്കരണം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | ശാസ്ത്രീയമായ ബോധവത്ക്കരണം നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ